# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 247

28.05.2019 ൽ മറുപടിക്ക്

### കൊച്ചി-മംഗളൂരു പാചകവാതക പൈപ്പ് ലൈൻ (ഗെയിൽ)

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പുരുഷൻ കടലുണ്ടി :** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) | കൊച്ചി-മംഗളൂരു പാചകവാതക പൈപ്പ് ലൈൻ (ഗെയിൽ) പൂർത്തീകരണ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; | (എ) | ഗെയിൽ പൈപ്പ് ലൈൻ പദ്ധതി കേരളത്തിൽ 2 ഘട്ടമായാണ് നടപ്പിലാക്കുന്നത്. 1-ാം ഘട്ടം (48 കി.മീ) 2013- ൽ എറണാകുളം ജില്ലയിൽ കമ്മീഷൻ ചെയ്തു. 2-ാം ഘട്ടമായ കൊച്ചി-മാംഗ്ലൂർ (409 കി.മീ), കൂറ്റനാട് - ബാംഗ്ലൂർ പൈപ്പ് ലൈനുകൾ (വാളയാർ വരെ) (98 കി.മീ) എറണാകുളം ഉൾപ്പെടെ 7 വടക്കൻ ജില്ലകളിലൂടെയാണ് കടന്നുപോകുന്നത്. കൊച്ചി-മാംഗ്ലൂർ പൈപ്പ് ലൈൻ 408 കി.മീ (99%) വെൽഡിംഗ് പൂർത്തീകരിച്ചു. കൂറ്റനാട് - ബാംഗ്ലൂർ പൈപ്പ് ലൈൻ 38 കി.മീ (38.77%) വെൽഡിംഗ് പൂർത്തീകരിച്ചു. ആകെ 446 കി.മീ (88%) പൂർത്തീകരിച്ചു. കൊച്ചി-മാംഗ്ലൂർ പൈപ്പ് ലൈനിൽ പ്രധാനമായും 5 നദികൾക്കു കുറുകെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണി മാത്രമേ ബാക്കിയുള്ളൂ. നേത്രാവതി നദി (മംഗലാപുരം), ചന്ദ്രഗിരി നദി (കാസർഗോഡ്), ഇരവഴിഞ്ഞി പുഴ, കുറ്റ്യാടി പുഴ, ചാലിയാർ പുഴ (കോഴിക്കോട്) എന്നീ ജലാശയങ്ങളിലെ പൈപ്പ് ലൈൻ സ്ഥാപിക്കൽ ജോലികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. |

| | | | |
|---|---|---|---|
| **ബി)** | മലബാർ ഭാഗത്ത് സിറ്റി ഗ്യാസ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **(ബി) & (സി)** | കൊച്ചി-മംഗലാപുരം പൈപ്പ് ലൈൻ കടന്നു പോകുന്ന പ്രദേശങ്ങളിൽ പ്രകൃതി വാതകം വിതരണം ചെയ്യുന്നതിനുള്ള Tap Off സംവിധാനം ഗെയിൽ സ്ഥാപിച്ചു കഴിഞ്ഞു. ഇതിൽ നിന്നും ചെറുപൈപ്പുകൾ സ്ഥാപിച്ച് വീടുകളിലേയ്ക്ക് വിതരണം ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് ആരംഭിച്ചിട്ടുണ്ട്. |
| **(സി)** | ഗെയിൽ പൈപ്പ് ലൈൻ പദ്ധതി പൂർത്തീകരിക്കുന്നതോടെ വീടുകളിലേക്ക് കുറഞ്ഞ ചെലവിൽ ഗ്യാസ് കണക്ഷൻ ലഭ്യമാക്കാനുള്ള പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകാമോ? | | |

സെക്ഷൻ ഓഫീസർ